LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി തടസ്സം

35 (380) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനപരിധിയിലുള്ള ഞാലിക്കോണം, കരിങ്കാളിക്ഷേത്രംറോഡ് പ്രദേശങ്ങളിൽ ദിവസേന ദീർഘനേരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപാകതയുടെ കാരണവും അത് എന്നത്തേക്ക് പരിഹരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുമല സബ്സ്റ്റേഷനിൽനിന്നും നേമം സെക്ഷനിലേയ്ക്ക് പോകുന്ന നേമം ഫീഡറിൽനിന്നാണ് തിരുമല സെക്ഷന്റെ പരിധിയിലുള്ള കുന്നപ്പുഴ, തൃക്കണ്ണാപുരം എന്നീ ട്രാൻസ്ഫോർമറുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ടി ഫീഡർ ഓവർ ഹെഡ് ലൈൻ ആയതിനാൽ മഴക്കാലത്ത് വൈദ്യുതി തടസ്സം കൂടുതലാണ്. രണ്ട് സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ചില സമയങ്ങളിൽ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിനും ചെറിയ കാലതാമസം വരാറുണ്ട്. വൈദ്യുതിതടസ്സം കുറയ്ക്കുന്നതിനായി പ്രസ്തുത ഓവർ ഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ R-APDRP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ വൈദ്യുതി തടസ്സമുണ്ടാകുന്നത് പരിഹരിക്കപ്പെടുന്നതാണ്.

വൈദ്യുതി മുടക്കം

36 (381) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി പ്രീ-മൺസൂൺ ഒരുക്കങ്ങൾ കൃത്യമായി നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) കാലപ്പഴക്കം ചെന്ന പോസ്റ്റുകൾ, ലൈനുകൾ എന്നിവ മാറ്റുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മഴക്കാലത്ത് വൈദ്യുതി വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി pre monsoon maintenance പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുതിലൈനുകളിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക, കേടായ പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ദ്രവിച്ചുതുടങ്ങിയ ക്രോസ് ആമുകൾ മാറ്റുക, പുതിയ lightning arrestor-കൾ സ്ഥാപിക്കുക, കേടായ AB സ്വിച്ചുകൾ ശരിയാക്കുക, ബ്രാഞ്ച് ലൈനുകളിൽ സെക്ഷൻ ഫ്യൂസുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമറുകൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക, കേടായ ലൈൻ, സ്റ്റേ ഇൻസുലേറ്റർ എന്നിവ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) കാലപ്പഴക്കം വന്നതും അപകടാവസ്ഥയിലുള്ളതുമായ പോസ്റ്റുകളും ലൈനുകളുംമാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ മുന്തിയ പരിഗണന നൽകി ചെയ്യുവരുന്നു.

വൈദ്യുതി മോഷണവും ക്രമക്കേടുകളും

37 (382) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ നൽകിയ ശിക്ഷയുടെയും പിഴകളുടെയും വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly